## 24.03.2017-ൽ നടന്ന ദ്വൈമാസ അവലോകനയോഗത്തിന്റെ നടപടി ചുരുക്കം

യോഗം രാവിലെ 10.45-ന് വകുപ്പദ്ധ്യക്ഷ ഡോ.അജിത നായർ.ആർ-ന്റെ നേതൃത്വത്തിൽ ആരംഭിച്ചു. പങ്കെടുത്ത ജീവനക്കാരുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

മാർച്ച് 15-ന് നടത്താനിരുന്ന അവാർഡ് ദാന ചടങ്ങ് മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിവെയ്ക്കേണ്ടി വന്നതിൽ ഖേദം അറിയിച്ചു. പുതുക്കിയ തീയതി യഥാക്രമം അറിയിക്കുന്നതാണെന്നും പറഞ്ഞു.

കഴിഞ്ഞ യോഗത്തിന്റെ മിനിട്സിൽ പരാമർശിച്ച വിഷയം ചർച്ച ചെയ്യുന്നതോടൊപ്പം ഇ.എസ്.ഐ പദ്ധതിയുടെ മുഖഛായ മാറ്റേണ്ടതാണെന്നും, പ്രാവർത്തികമാക്കാൻ പറ്റുന്നതു മാത്രമേ പ്രാവർത്തികമാക്കാൻ സാധിക്കൂ എന്നും, എന്നാൽ ഇ.എസ്.ഐ ഉപഭോക്താക്കളെ സഹായിക്കാൻ കഴിയുന്ന രീതിയിൽ ജീവനക്കാർ ഏവരും സഹായിക്കാൻ ബാധ്യസ്ഥരാണെന്നും വകുപ്പദ്ധ്യക്ഷ ഓർമ്മപ്പെടുത്തി. ടെലഫോൺ ലഭ്യമല്ലാതിരുന്ന 77 ഡിസ്പെൻസറികൾക്ക് ടെലഫോൺ സൗകര്യം ലഭ്യമാക്കാൻ സർക്കാരിൽ നിന്നും ഉത്തരവ് ലഭിച്ചതായും അറിയിച്ചു.

### യോഗത്തിൽ എടുത്ത തീരുമാനങ്ങൾ

NCD Clinic-ന്റെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ 1 മണി വരെയായിരിക്കും. ആഴ്ചയിൽ 2 ദിവസം പ്രവർത്തിക്കേണ്ടതാണ്. ചാർജ്ജ് മെഡിക്കൽ ഓഫീസർ/മെഡിക്കൽ സൂപ്രണ്ട് അല്ലാത്ത ഡോക്ടറിന് ക്ലിനിക്കിന്റെ ഉത്തരവാദിത്വം നൽകേണ്ടതാണ്. മാസത്തിലൊരു ദിവസം ഫാക്ടറി അങ്കണത്തിൽ വച്ച് ക്യാമ്പ് സംഘടിപ്പിക്കേണ്ടതാണ്. പ്രസ്തുത ക്ലിനിക്കിൽ വരുന്ന രോഗികളുടെ വിവരം പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. മരുന്നുകളുടെ കണക്കിനും പ്രത്യേകം രജിസ്റ്റർ ആവശ്യമാണ്. ഇതിനാവശ്യമായ ഫണ്ട് (Equipments & Furniture) Hospital Development Committee മുഖേന improvement fund-ൽ നിന്ന് വാങ്ങണം.

ഫാർമസിസ്റ്റുമാർ expiry ആകുന്ന മരുന്നുകൾ മാറ്റുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നതിനാൽ ഡിസ്പെൻസറി ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ/ ആശുപത്രി സൂപ്രണ്ട്/റസിഡന്റ് മെഡിക്കൽ ഓഫീസർ വേണ്ട നിർദ്ദേശങ്ങൾ ഫാർമസിസ്റ്റുമാർക്ക് നല്കേണ്ടതാണ്. ഇത്തരത്തിൽ ശ്രദ്ധക്കുറവ് ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. രജിസ്റ്റേർഡ് ആയി കത്തുകൾ അയച്ചിട്ടും Confidential Report നല്കാത്ത ഡോക്ടർമാരും, മറ്റ് അഡ്മിനിസ്ട്രേറ്റീവ് വിഭാഗം ജീവനക്കാരും ഉണ്ട്. Confidential Report ലഭിക്കാത്തതിനാൽ പ്രൊമോഷൻ വൈകുന്ന സാഹചര്യത്തിൽ തുടർന്നും Confidential Report നല്കാത്ത ജീവനക്കാരെ പ്രൊമോഷനായി പരിഗണിക്കില്ല എന്ന് അറിയിച്ചു.

മെയ് 2017-ലെ ദ്വൈമാസ യോഗത്തിൽ വരവു ചെലവ് കണക്കു വിവരം കൊണ്ടുവരുന്ന രീതിയിൽ മാർച്ച് 2017 വരെയുള്ള സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുന്ന മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിമിന്റെ details bimonthly മേധാവികൾ മുഖേന collect ചെയ്ത് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ statement consolidate ചെയ്തുകൊണ്ടുവരേണ്ടതാണ്. Speciality empanelment-ന്റെ statement Superintendent-മാർ March 2017 വരെയുള്ളത് കൊണ്ടുവരണം. Emergency Speciality/Super Speciality bill March 2017 വരെയുള്ളത് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാർ പാസ്സാക്കി മേലാഫീസിലേക്ക് May 2017-നു മുൻപ് അയക്കേണ്ടതാണ്.

എല്ലാ സ്ഥാപനമേധാവികളും മലയാളത്തിൽ കൂടുതൽ ഫയലുകൾ കൈകാര്യം ചെയ്യേണ്ടതാണെന്നും, ഇംഗ്ലീഷിൽ കൈകാര്യം ചെയ്യേണ്ടി വരുന്ന കത്തുകളുടെ നോട്ട് ഫയൽ മലയാളത്തിൽ തന്നെ എഴുതേണ്ടതാണെന്നും അറിയിച്ചു.

മൂന്ന് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെ കീഴിലും ഓരോ സബ് കമ്മിറ്റി ജില്ലാതലത്തിൽ രൂപീകരിക്കേണ്ടതാണ്. താഴെപറയുന്നവർ അംഗങ്ങൾ ആയിരിക്കേണ്ടതാണ്.

(1) Senior Medical Officer of Dispensary
(2) Medical Superintendent, ESIS Hospital
(3) Hospital Development Committee Employer/Employee representatives
(4) IT Nodel Officer
(5) Engineer accredited agency
(6) Branch Manager

**<u>ഉത്തരവാദിത്വം</u>**

(1) SR/ARM Work
(2) Dhanwantri Module
(3) ST/SST Reference (any complaints)
(4) Medicine shortage
(5) Staff position
(6) Complaints of IP

പത്തോ അതിലധികമോ ജീവനക്കാരുള്ള സ്ഥാപനങ്ങളിൽ Womens Grievance Cell രൂപീകരിക്കേണ്ടതാണ്.

(.......3)

പല സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന diagnosis-ന്റെ കണക്കുവിവരം ശരിയായിട്ടുള്ളതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ഓരോ മെഡിക്കൽ ഓഫീസർമാരും diagnosis-കൂടി ഒ.പി രജിസ്റ്ററിൽ എഴുതേണ്ടതും സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് തയ്യാറാക്കുമ്പോൾ diagnosis-ന്റെ വിവരങ്ങൾ ഒ.പി രജിസ്റ്ററിൽ നോക്കി വേണം രേഖപ്പെടുത്തേണ്ടതും.

Form 6, 6A ഡിസ്പെൻസറി ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാരും, Form Med 9 സൂപ്രണ്ടുമാരും ഒ.പി രജിസ്റ്ററിലെ diagnosis-കൂടി പരിശോധിച്ച് സാക്ഷ്യപ്പെടുത്തി അയച്ചുതരേണ്ടതാണ്.

മുളങ്കുന്നത്തുകാവ് ആശുപത്രിയുടെ ആയുർവ്വേദ യൂണിറ്റിനോട് ചേർന്ന് ഒരു ഹെർബൽ ഗാർഡൻ ഉണ്ടാക്കാവുന്നതാണെന്നും അതിലേയ്ക്ക് ആവശ്യമായ പ്രൊപ്പോസൽ സൂപ്രണ്ട് സമർപ്പിക്കേണ്ടതാണ്.

**(നടപടി - ഡെപ്യൂട്ടി ഡയറക്ടർ (ആയുർവ്വേദം), മുളങ്കുന്നത്തുകാവ് ആശുപത്രി സൂപ്രണ്ട്)**

നാവായിക്കുളം ഡിസ്പെൻസറിയിൽ സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയമിച്ചിട്ടുള്ള ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-1 ജീവനക്കാരനെ തിരികെ മാതൃസ്ഥാപനത്തിലേയ്ക്ക് നിയമിച്ച് ഉത്തരവ് നല്കേണ്ടതാണ്.

**(നടപടി - റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (ദക്ഷിണമേഖല)**

പല സ്ഥാപനങ്ങളിലും stationery items-ന്റെ അഭാവം രൂക്ഷമായി അനുഭവപ്പെടുന്നതിനാൽ stationery items enchance ചെയ്തു ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സ്റ്റേഷനറി ഡിപ്പാർട്ട്മെന്റിന് നല്കേണ്ടതാണ്.

**(നടപടി - റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ)**

2016 വർഷത്തെ Best Institution Award നിശ്ചയിക്കുന്നതിനായി, നിലവിലുള്ള മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തണമെന്ന് അഭിപ്രായമുള്ള പക്ഷം പ്രസ്തുത വിഷയങ്ങൾ അക്കമിട്ട് രേഖപ്പെടുത്തി പ്രത്യേകം കവറിലിട്ട് "Suggestion on the Criteria for Best Institution Award" എന്ന ശീർഷകം രേഖപ്പെടുത്തി മെയ് 2017-ലെ അവലോകനയോഗത്തിൽ കൊണ്ടുവരേണ്ടതാണ്.

**(നടപടി - അവലോകന മേധാവികൾ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ)**

(......4)

മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷകൾ സുഗമമായും കാര്യക്ഷമമായും കൈകാര്യം ചെയ്യുന്നതിനായി ഒരു Software/Application വികസിപ്പിക്കുന്നതിനായി ഈ വകുപ്പിലെ IT Programmer ആയ ശ്രീ.സുനിൽ.എസ്-നെ ചുമതലപ്പെടുത്തിയിരിക്കുന്നു. പരീക്ഷണാടിസ്ഥാനത്തിൽ പ്രസ്തുത Software/Application ചാലപ്പുറം, ചേമഞ്ചേരി എന്നീ ഡിസ്പെൻസറികളിൽ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**(നടപടി - IT വിഭാഗം Programmer)**

6 bed observant dispensary Chackai & Pappinissery-യിൽ തുടങ്ങാനാവശ്യമുള്ള equipments & furniture Hospital Development Committee -യിൽ പാസ്സാക്കി Directorate-ലേയ്ക്ക് അയച്ചുതരേണ്ടതാണ്.

**(നടപടി - പേരൂർക്കട, തോട്ടട ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടുമാർ)**

യോഗം 1.45-ന് അവസാനിച്ചു.

Ajita Nair k

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ**

എസ്കെവി – 5.4.17

24.03.2017-ൽ ചേർന്ന ത്രൈമാസ അവലോകനയോഗത്തിൽ പങ്കെടുത്ത ജീവനക്കാരുടെ പേര് വിവരം

| Sl. No | Name & Designation | Name of Institution |
|---|---|---|
| 1. | Dr.Ajita Nair.R , Director | Directorate of Insurance Medical Services |
| 2. | Dr.M.S.Geetha Devi, JD | Directorate of Insurance Medical Services |
| 3. | Dr.Kumari Letha | ESI Hospital, Vadavathur |
| 4. | Dr.Leela.V, Regional Deputy Director | Regional Deputy Director (SZ), Kollam |
| 5. | Dr.Latha Sahadevan, Deputy Director (Ayurveda) | Directorate of Insurance Medical Services |
| 6. | Dr.Ajitha.T.P, Deputy Director (Homoeo) | Directorate of Insurance Medical Services |
| 7. | Dr.Deepa.K, | ESI Hospital, Palakkad |
| 8. | Dr.Suganthi Gopinath, Superintendent | ESI Hospital, Peroorkada |
| 9. | Dr. Mini Grace, Insurance Medical Officer | ESI Dispensary, Pattathanam |
| 10. | Dr.Seninamma John | ESI Dispensary, Kottarakkara |
| 11. | Dr.Omana.V.K, Superintendent (i/c) | ESI Hospital, Thottada |
| 12. | Joseph Thomas, Junior Superintendent | Directorate of Insurance Medical Services |
| 13. | Shajahan.M, Junior Superintendent (Audit) | Directorate of Insurance Medical Services |
| 14. | Geetha.A.R | ESI Hospital, Olarikkara |
| 15. | Anitha.N.N | ESI Hospital, Mulamkunnathukavu |
| 16. | Asokan.K | ESI Hospital, Thottada |
| 17. | S.Priya Devi | ESI Hospital, Feroke |
| 18. | Waheeda Banu.A | ESI Hospital, Ernakulam |
| 19. | Bijimole Joseph | ESI Hospital, Vadavathoor |
| 20. | Sherly. V.T, Senior Superintendent | Office of the RDD (CZ), Ernakulam |
| 21. | Dr. A.P.Mohammed, Superintendent | ESI Hospital, Alapuzha |

(PTO)

| Sl. No | Name & Designation | Name of Institution |
|---|---|---|
| 22. | Dr.N.K.Rajan, Superintendent | ESI Hospital, Feroke |
| 23. | Dr. K.K.Radhakrishnan Superintendent | ESI Hospital, Olarikkara |
| 24. | Dr.Rema.P, Superintendent | ESI Hospital, Mulamkunnathukavu |
| 25. | Dr.A.A.Sheela, Regional Deputy Director (NZ) | Regional Deputy Director (NZ) |
| 26. | Dr.Rita.K.M, | ESI Hospital, Ernakulam |
| 27. | Dr.Anitha. D, Regional Deputy Director (CZ) | Regional Deputy Director (CZ) |
| 28. | K.Murali, Senior Superintendent | Directorate of Insurance Medical Services |
| 29. | Lusamma Sebastian, Junior Superintendent | Directorate of Insurance Medical Services |
| 30. | Ajitha.S, Senior Superintendent | Directorate of Insurance Medical Services |
| 31. | S.Bagavathy Amma, Fair Copy Superintendent | Directorate of Insurance Medical Services |
| 32. | Jose.K.Biju, Senior Superintendent | Directorate of Insurance Medical Services |
| 33. | K.S.Shajahan, Junior Superintendent | Directorate of Insurance Medical Services |
| 34 | Prasanth.K, Clerk | ESI Hospital, Palakkad |

Ajeta Naik

**Director of Insurance Medical Services**